# GOVERNMENT ORDERS

# 2014

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-ജാഗ്രതാ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 04/2013/സാനീവ — തീയതി, തിരുവനന്തപുരം,01.01. 2014

---

**പരാമർശം :-** 1) സാമൂഹ്യനീതി ഡയറക്ടറുടെ എൻ/1162/13 നമ്പർ കത്ത്.
2) 09.12.2013 ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നീ തലങ്ങളിൽ ജാഗ്രതാ സമിതിയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും, ജാഗ്രതാ സമിതിയുടെ ഘടന, ചുമതലകൾ, കടമകൾ,എന്നിവയെക്കുറിച്ചും ജാഗ്രതാ സമിതി അംഗങ്ങൾക്ക് സംസ്ഥാന തലത്തിൽ 'കില' വഴിയും, ജില്ലയിൽ ബ്ലോക്ക് തലത്തിലും പരിശീലനം നൽകുന്നതിനുമായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. 09.12.2013 ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം സാമൂഹ്യനീതി ഡയറക്ടറുടെ പ്രസ്തുത ശുപാർശ പരിഗണിക്കുകയും ആയത് അംഗീകരിക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജാഗ്രതാ സമിതികൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ജാഗ്രതാ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയും, ഇതിനായി നടപ്പു സാമ്പത്തിക വർഷത്തെ '2235-02-103-79(പ്ലാൻ)' ശീർഷകത്തിൽ നിന്നും 50 ലക്ഷം രൂപ (അൻപത് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് -സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി എഫ്.എം. റേഡിയോകൾ വഴി ബോധവത്ക്കരണം നടത്തുന്നതിനുള്ള പ്രൊപ്പോസൽ- ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ(സാധാ) നം. 05/ 2014/സാനീവ — തീയതി, തിരുവനന്തപുരം 01.01.2014

---

പരാമർശം: 1) സാമൂഹ്യനീതി ഡയറക്ടറുടെ N/1182/13 നമ്പർ കത്ത്.
2) 9.12.2013 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി നിലവിലുള്ള നിയമങ്ങളെയും സർക്കാർ പ്രദാനം ചെയ്യുന്ന സംവിധാനങ്ങളെയും സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി കേരളത്തിലെ എഫ്.എം. റേഡിയോകൾ സംയുക്തമായി ബോധവത്ക്കരണ പ്രചാരണ ഉപാധികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്ക് 46,76,985/- രൂപ ചെലവ് പ്രതീക്ഷിക്കുന്നെന്നും ടി തുക 2013-14 സാമ്പത്തിക വർഷത്തെ 2235-02-103-79(പി) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 9.12.2013 ൽ ചേർന്ന സംസ്ഥാന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അനുമതി നൽകിയിട്ടുമുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി നിലവിലുള്ള നിയമങ്ങളെയും സർക്കാർ സംവിധാനങ്ങളെയും സംബന്ധിച്ച് കേരളത്തിലെ എഫ്.എം റേഡിയോകൾ വഴി ബോധവത്ക്കരണം നടത്തുന്നതിനായുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ടും ഇതിനാവശ്യമായ 46,76,985/- രൂപ (നാൽപ്പത്തിയാറ് ലക്ഷത്തി എഴുപത്തിയാറായിരത്തി തൊള്ളായിരത്തി എൺപത്തഞ്ച് രൂപ മാത്രം) 2013-14 സാമ്പത്തികവർഷത്തിലെ നിർഭയ പദ്ധതിയുടെ 2235-02-103-79(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ,സാമൂഹ്യനീതി വകുപ്പ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി ബി. സെൽ) കേരള, തിരുവനന്തപുരം.
ധന കാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി(എ) വകുപ്പ്
വെബ്ബ് ആന്റ് ന്യൂ മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
**കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ യ്ക്ക്
സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ യ്ക്ക്

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - നിർഭയ - 4 സന്നദ്ധ സംഘടനകൾക്ക് താൽക്കാലികമായി ഒരു വർഷത്തേയ്ക്ക് നിർഭയ ഷെൽറ്റർ ഹോമുകളുടെ മേൽനോട്ട ചുമതല വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 07/ 2014/സാനീവ                    തീയതി, തിരുവനന്തപുരം 01.01.2014

---

പരാമർശം: 1) സാമൂഹ്യനീതി ഡയറക്ടറുടെ എൻ/1182/13 നമ്പർ കത്ത്.
2) 9.12.2013 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്ത് നിലവിൽ സ്ഥലം ലഭ്യമായ 6 ജില്ലകളിൽ നിർഭയ ഷെൽറ്റർ ഹോമുകളുടെ കെട്ടിടനിർമ്മാണം പൂർത്തിയാകുന്നതുവരെ പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിക്കാതിരിക്കാൻ കഴിയാത്തതിനാൽ, സംസ്ഥാനത്ത് 9 ജില്ലകളിൽ നിർഭയ ഷെൽറ്റർ ഹോമുകൾ ആരംഭിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുള്ള 4 സന്നദ്ധ സംഘടനകൾക്ക് ടി ഹോമുകളുടെ മേൽനോട്ട ചുമതല താൽക്കാലികമായി ഒരു വർഷത്തേയ്ക്ക് അനുവദിക്കാവുന്നതാണെന്നും പരാമർശം(1) ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള സർക്കാർ ചട്ടങ്ങൾക്കും സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി മേൽനോട്ട ചുമതല വഹിക്കേണ്ട ടി സംഘടനകൾക്ക് 9 ഹോമുകളുടെ പ്രവർത്തനത്തിനായി 2,89,12,657/- രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2235-02-103-79(പി) ശീർഷകത്തിൽ നിന്നും അനുവദിക്കാവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 9.12.2013 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന്റെ മൂല്യനിർണ്ണയത്തിനും ഫിനാൻഷ്യൽ ഓഡിറ്റിംഗിനും സുതാര്യമായ ഒരു വ്യവസ്ഥിതി ഉണ്ടായിരിക്കണമെന്ന നിബന്ധനയോടുകൂടി ടി പ്രൊപ്പോസൽ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുമുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ നിബന്ധനയ്ക്കു വിധേയമായി താഴെപ്പറയുന്ന 4 സന്നദ്ധ സംഘടനകൾക്ക് താൽക്കാലികമായി ഒരു വർഷത്തേയ്ക്ക് നിർഭയ ഷെൽറ്റർ ഹോമുകളുടെ മേൽനോട്ട ചുമതല വഹിക്കുന്നതിനുള്ള അനുമതിയും ടി സംഘടനകൾക്ക് 9 ഹോമുകളുടെ പ്രവർത്തനത്തിനായി ആവശ്യമുള്ള 2,89,12,657/- രൂപ (രണ്ട് കോടി എൺപത്തിയൊൻപത് ലക്ഷത്തി പന്ത്രണ്ടായിരത്തി അറുനൂറ്റിയൻപത്തിയേഴ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ നിർഭയ പദ്ധതിയുടെ 2235-02-103-79(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

| | |
|---|---|
| കേരള മഹിളാ സമഖ്യ സൊസൈറ്റി | - തിരുവനന്തപുരം,ഇടുക്കി,പാലക്കാട്, വയനാട്, കാസർഗോഡ്, മലപ്പുറം |
| അന്വേഷി | - കോഴിക്കോട് |
| കൾച്ചറൽ അക്കാദമി ഫോർ പീസ് | - എറണാകുളം |
| ബാദേസ്ത | - തൃശ്ശൂർ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ,സാമൂഹ്യനീതി വകുപ്പ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ്ബ് ആന്റ് ന്യൂ മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

Abstract

Social Justice Department Nirbhaya Shelter Home, Thiruvananthapuram -- Payments to Mahila Samakhya Society for running the Shelter Home – permissive sanction - modified - Orders issued.

**SOCIAL JUSTICE (B) DEPARTMENT**

G.O.(Rt) No. 100/2014/SJD Dated, Thiruvananthapuram, 11.02.2014

Read:- 1) G.O.(Rt) No. 259/2013/SJD dated 05.06.2013.
2) Letter no. N/1062/12 dated 23.01.2014 from the Director of Social Justice.

**ORDER**

As per the Government Order read as first paper above, permissive sanction was accorded to the Director of Social Justice for making payments to mahila Samakhya Society for an amount of Rs.5,76,000/- towards the annual expenditure for providing a full time Resident Warden, full time Resident Matron and a Social Worker for the running of Nirbhaya Shelter Home.

2) Now, in the circumstances reported by the Director of Social Justice as per the letter read above, sanction is hereby accorded for providing the following personnels also for the running of Nirbhaya Shelter Home, Thiruvananthapuram from the payment sanctioned as per the Government Order read above.

(a) Sweeper/Cleaning Staff - 1 Number - Should be literate. (Rs. 4000 per month X12 months)

(b) Cook - 1 Number - Atleast S.S.L.C (Rs. 5000 per month X12 months)

(c) Security Personnel - 2 Numbers (Rs. 5000 per month x 12 months x 2)

3) The Government Order read above stands modified to this extent.

By order of the Governor,
**GOVINDAN NAMBOODIRI V.S.**
**ADDITIONAL SECRETARY TO GOVERNMENT**

To

Director of Social Justice, Thiruvananthapuram.
The Principal Accountant General (Audit), Thiruvananthapuram.
The Accountant General (A & E), Thiruvananthapuram.
The Accountant General (DB Cell), Thiruvananthapuram.
Finance Department ( Vide U.O.No. 42659/WW1/13/Fin dated 24.5.2013).
Web & New Media (for publishing in the website).
Stock File/OC.

Forwarded/By order

Section Officer

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - നിർഭയ പദ്ധതി - സ്കൂൾതല ബോധവൽക്കരണ പ്രവർത്തനം സ്കൂൾ കൗൺസിലേഴ്സിനുള്ള പരിശീലനത്തിന് അനുമതി - നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം. 109/2014/സാനീവ തീയതി, തിരുവനന്തപുരം 13.2.2014

പരാമർശം: 1) സ.ഉ(സാധാ) നം. 645/2013/സാനീവ തീയതി 31.12.2013.

2) സാമൂഹ്യനീതി ഡയറക്ടറുടെ 1.2.2014 ലെ എൻ/1070/13 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം നിർഭയ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള അദ്ധ്യാപകരുടെ സംസ്ഥാനതല പരിശീലന പരിപാടി പൂർത്തിയാക്കുന്നതിന് 50 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുകയിൽ നിന്നും സംസ്ഥാനത്തെ 500 ഹയർസെക്കൻഡറി/ഹൈസ്കൂളുകളിലുള്ള സ്കൂൾ കൗൺസിലേഴ്സിന് നിർഭയ പദ്ധതി സംബന്ധിച്ച് സ്കൂൾതല ബോധവൽക്കരണ പ്രവർത്തനത്തിന് വേണ്ടി 3 ദിവസത്തെ പരിശീലനം നടത്തുവാൻ അനുമതി നൽകിയതിന് സാധൂകരണം നൽകണമെന്ന് പരാമർശം(2) ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ 500 ഹയർസെക്കൻഡറി/ഹൈസ്കൂളുകളിലായി പ്രവർത്തിക്കുന്ന സ്കൂൾ കൗൺസിലേഴ്സിന് നിർഭയ പദ്ധതി സംബന്ധിച്ച് സ്കൂൾതല ബോധവൽക്കരണ പ്രവർത്തനത്തിന് വേണ്ടി 3 ദിവസത്തെ പരിശീലനം നടത്തുവാൻ അനുമതി നൽകിയ സാമൂഹ്യനീതി ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**മിനി.എം**

**അണ്ടർ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.

വെബ്ബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- നിർഭയ പ്രവർത്തനങ്ങൾക്കായുള്ള 2013-14 സാമ്പത്തികവർഷത്തെ ഫണ്ട് - റ്റിഎസ്ബി അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ(സാധാ) നം. 221/2014/സാനീവ **തീയതി, തിരുവനന്തപുരം, 27.03.2014**

---

പരാമർശം :-
1) സ.ഉ(സാധാ) നം. 643/2013/സാനീവ തീയതി 31.12.2013.
2) സ.ഉ(സാധാ) നം. 644/2013/സാനീവ തീയതി 31.12.2013.
3) സ.ഉ(സാധാ) നം. 645/2013/സാനീവ തീയതി 31.12.2013.
4) സ.ഉ(സാധാ) നം. 04/2014/സാനീവ തീയതി 1.1.2014.
5) സ.ഉ(സാധാ) നം. 05/2014/സാനീവ തീയതി 1.1.2014.
6) സ.ഉ(സാധാ) നം. 07/2014/സാനീവ തീയതി 1.1.2014.
7) സാമൂഹ്യനീതി ഡയറക്ടറുടെ 21.3.2014 ലെ എൻ/1505/14 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) മുതൽ (6) വരെയുള്ള ഉത്തരവുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ നിർഭയയുടെ വിവിധ പദ്ധതികൾക്കായി 4,88,50,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുകയിൽ നിന്നും 2014 മാർച്ച് മുതൽ ജൂൺ വരെയുള്ള നിർഭയ പ്രവർത്തനങ്ങൾക്കായി 89,59,760/- രൂപ 2235-02-103-79(പി) ശീർഷകത്തിൽ നിന്നും റ്റിഎസ്ബി അക്കൗണ്ട് നം. 14907 ലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 7 ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2014-15 -ലെ തുക റിലീസ് ചെയ്യുന്നതിന് മുൻപ് 2013-14-ൽ അനുവദിച്ച ഫണ്ടിന്റെ നിശ്ചിത ഫോറത്തിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും വിശദമായ ചെലവ് വിവര പട്ടികയും ലഭ്യമാക്കേണ്ടതാണെന്നും അടുത്ത നാലു മാസങ്ങൾക്കുള്ളിൽ തന്നെ റ്റിഎസ്ബി അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ച തുകയുടെ വിനിയോഗം ഉറപ്പ് വരുത്തേണ്ടതാണെന്നും കൂടാതെ പരാമർശം 6 ലെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പോലെ പദ്ധതിയുടെ മൂല്യ നിർണ്ണയത്തിനും ഓഡിറ്റിംഗിനും സുതാര്യമായ ഒരു വ്യവസ്ഥിതി പ്രാവർത്തികമാക്കപ്പെടുന്നു എന്ന് ഉറപ്പാക്കണം എന്ന നിബന്ധനയ്ക്കും വിധേയമായി, 2014 മാർച്ച് മുതൽ ജൂൺ വരെയുള്ള നിർഭയ പ്രവർത്തനങ്ങൾക്കായി 89,59,760/- രൂപ ( എൺപത്തി ഒൻപത് ലക്ഷത്തി അൻപത്തിഒൻപതിനായിരത്തി എഴുനൂറ്റി അറുപത് രൂപ മാത്രം)'2235-02-103-79(പി)' ശീർഷകത്തിൽ നിന്നും സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള റ്റിഎസ്ബി അക്കൗണ്ട് നം. 14907 ലേക്ക് മാറ്റുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
ഗോവിന്ദൻ നമ്പൂതിരി വി.എസ്.
**അഡീഷണൽ സെക്രട്ടറി.**

സാമൂഹ്യനീതി ഡയറക്ടർ, **തിരുവനന്തപുരം.**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.**
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 26.3.2014 ലെ 30459/WW2/14/Fin നംപർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**GOVERNMENT OF KERALA**

Abstract

Social Justice Department - Implementation of 'NIRBHAYA' policy -State Level Co-ordination Committee Reconstituted - orders issued.

**SOCIAL JUSTICE (B) DEPARTMENT**

G.O.(Rt) No. 218/2014/SJD Dated, Thiruvananthapuram, 27.03.2014

Read: 1) G.O.(Ms) No.17/2012/SWD dated 13.03.2012.
2) G.O.(Rt) No. 254/2012/SWD dated 22.5.2012.
3) G.O.(Rt) No. 427/2012/SWD dated 28.9.2012.
4) G.O.(Rt) No. 567/2012/SJD dated 28.12.2012.
5) G.O.(Rt) No. 03/2013/SJD dated 03.01.2013.
6) G.O.(Rt) No. 43/2013/SJD dated 12.2.2013.
7) G.O.(Rt) No. 187/2013/SJD dated 23.03.2013.
8) G.O.(Rt) No. 214/2013/SJD dated 14.05.2013.

**ORDER**

Government are pleased to re-constitute the State Level Co-ordination Committee of 'NIRBHAYA' as per para V.7 of the Nirbhaya Policy with the following members.

1) Chief Minister - Chairman
2) Minister for Panchayat & Social Justice - Vice- Chairman
3) Minister for Home & Vigilance - Vice- Chairman
4) Minister for Youth Affairs - Vice- Chairperson
5) Chief Secretary to Government
6) Additional Chief Secretary, Social Justice - Convenor.
7) Principal Secretary, Home
8) Principal Secretary, Health & Family Welfare
9) Principal Secretary, Local Self Government Department
10) Principal Secretary, Finance Department
11) Secretary, Scheduled Castes and Scheduled Tribes Development Department
12) Secretary, Scheduled Castes Development Department
13) Secretary, General Education Department
14) Secretary, Law Department
15) Director of Social Justice - Joint Convenor
16) Director General of Police
17) Director of Public Instruction
18) 3 District Panchayat Presidents (Heads of District Level Nirbhaya Committees)
    1. Smt. Suhra Mampad, Malappuram
    2. Shri. Eldos Kunnapally, Ernakulam
    3. Shri. R. Gopalakrishna Pillai, Kollam

19) Adv. Noorbina Rasheed, Member, Kerala Women's Commission

20) Executive Director, Kudumbashree

21) Project Director, Kerala State AIDS Control Society

22) Member Secretary, KELSA

23) Managing Director, Kerala State Women's Development Corporation

24) Project Director, Kerala Mahila Samakhya Society

25) Smt. Lida Jacob IAS (Rtd)

26) Sri.Aryadan Shoukath, Chairman, Nilambur Muncipality - Special Invitee

27) Smt.Sunitha Krishnan, Prajwala, 20-4-34, 3rd Floor, Behind Charminar Bus Stand, Hyderabad – Advisor, Nirbhaya

28) Sri.P.Vijayan IPS, DIG, Intelligence – Special Invitee

29) Smt.Qamarunnisa Anwar, Chairperson, Kerala State Social Welfare Board - Special Invitee

30) NGOs/Social Workers nominated by Government.

1. Smt. Sugathakumari Teacher, ABHAYA, Thiruvananthapuram.
2. Smt.P.E.Usha,Thaikula Sangham, Attapady- (Tribal area)
3. Director, Alappuzha Social Service Society- ( Coastal area)

The Government Orders 2 to 8 read above stand superseded by this Government Order.

By order of the Governor,
**Dr. K.M.Abraham**
**Additional Chief Secretary**

All Members
The Director of Social Justice, Thiruvananthapuram.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
The Accountant General (D.B.Cell), Kerala, Thiruvananthapuram.
Web & New Media (for publishing in the website).
Stock file/ O.C.

Forwarded/By order

Section Officer

Copy to: Private Secretary to Chief Minister
Private Secretary to Minister (Panchayat and Social Justice)
Private Secretary to Minister (Home & Vigilance)
Private Secretary to Minister for Youth Affairs
Additional Secretary to Chief Secretary
PA to Additional Chief Secretary, Social Justice Department
CA to Additional Secretary, Social Justice Department

GOVERNMENT OF KERALA

Abstract

Social Justice Department - Implementation of 'NIRBHAYA' policy - State Level Co-ordination Committee – Reconstituted - Erratum - orders issued.

SOCIAL JUSTICE (B) DEPARTMENT

G.O (Rt) No. 262/2014/SJD Dated, Thiruvananthapuram, 08.04.2014

Read: G.O.(Rt) No.218/2014/SJD dated 27.03.2014.

**ORDER**

Shri. R. Gopalakrishna Pillai, Kollam mentioned as no. 18 (3) in the Government Order read above is replaced by Sri.S.Jayamohan, the present District Panchayat President, Kollam.

The Government order read above stands modified to this extent.

By order of the Governor,
**Govindan Namboodiri.V.S.**
**Additional Secretary**

All Members
The Director of Social Justice, Thiruvananthapuram.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
The Accountant General (D.B.Cell), Kerala, Thiruvananthapuram.
Web & New Media (for publishing in the website).
Stock file/ O.C.

Forwarded/By order

Section Officer